ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885

LR IT CELL-24012/20 തിയതി : 29/09/2020

# സർക്കുലർ

വിഷയം : ഇ- ഡിസ്ട്രിക്റ്റ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് - വില്ലേജ് ഓഫീസറുടെ ജോലിഭാരം ലഘൂകരിക്കുന്നത് സംബന്ധിച്ച്

പരാമർശം :- (1 )സർക്കാർ ഉത്തരവ് നമ്പർ GO (Rt ) NO :2213 / 2012 / RD , തിയതി -13 / 04/ 2012
(2 )കേരള വില്ലേജ് ഓഫീസ് മാന്വൽ , Volume -4

നിലവിൽ വില്ലേജ് ഓഫീസുകളിൽ വില്ലേജ് ഓഫീസർ മാത്രമാണ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള എല്ലാ നടപടികൾ സ്വീകരിച്ചു വരുന്നത്. പരാമർശം (1 ) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും പരാമർശം (2) പ്രകാരമുള്ള കേരള വില്ലേജ് ഓഫീസ് മാന്വൽ അദ്ധ്യായം 2 , സെക്ഷൻ (13 ) പ്രകാരവും ഇ-ഡിസ്ട്രിക്റ്റ് മുഖേനെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്ന ജോലി വില്ലേജ് ഓഫീസർക്കും , സെക്ഷൻ (9,10) പ്രകാരം,സർട്ടിഫിക്കറ്റിനായി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിച്ച് , സൂക്ഷ്മ പരിശോധന നടത്തുന്ന ജോലികൾ സ്പെഷ്യൽ വില്ലേജ് ഓഫീസർ((SVO ), വില്ലേജ് അസിസ്റ്റന്റ്(VA ) എന്നിവർക്കുമാണ് നിരകർഷിച്ചിട്ടുള്ളത്

ആയതിനാൽ പ്രസ്തുത നിബന്ധനകൾ കർശനമായി പാലിക്കുവാൻ എല്ലാ വില്ലേജ് ഓഫീസ് ജീവനക്കാർക്കും നിർദേശം നൽകേണ്ടതാണ് . കൂടാതെ ഇ -ഡിസ്ട്രിക്റ്റിൽ ലോഗിൻ ID ലഭ്യമല്ലാത്ത എല്ലാ SVO- മാർക്കും, VA-മാർക്കും അടിയന്തിരമായി ആയതു നൽകേണ്ടതാണ് .

-Sd-
കമ്മിഷണർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

എല്ലാ ജില്ലാ കളക്ടർമാർക്കും

Break the chain